A

# സമഗ്രശിക്ഷാ കേരളം

605

## വാർഷിക മൂല്യനിർണ്ണയം 2023-2024

ക്ലാസ് : 6 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് **15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള **8** പ്രവർത്തനങ്ങളിൽ **6** എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന **6** പ്രവർത്തനങ്ങളിൽ നൽകിയിട്ടുള്ള എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

**പ്രവർത്തനം 1**

**നിരവധി രാജവംശങ്ങളുടെ വളർച്ചയ്ക്കും തകർച്ചയ്ക്കും സാക്ഷിയായ നഗരമാണ് ഡൽഹി.**

എ) മധ്യകാലഘട്ടത്തിൽ ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയ ഭരണാധികാരികളുടെ സംഭാവനകളാണ് നൽകിയിരിക്കുന്നത്. അവ നടപ്പിലാക്കിയ ഭരണാധികാരികൾക്കനുസരിച്ച് ക്രമീകരിച്ച് എഴുതുക.

- ഭരണം കാര്യക്ഷമമാക്കാൻ തലസ്ഥാനം ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് മാറ്റി.
- ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തി ഡൽഹി പിടിച്ചെടുത്തു.
- മുഗൾ സാമ്രാജ്യം ഏറ്റവും വിസ്തൃതി പ്രാപിച്ചു.
- 1206-ൽ ഡൽഹി കേന്ദ്രമാക്കി ഭരണം ആരംഭിച്ചു.
- ഇറാഖിൽ നിന്നും കുതിരകളെ ഇറക്കുമതി ചെയ്ത് സൈന്യത്തെ ശക്തിപ്പെടുത്തി.
- ഏകീകൃത നാണയവ്യവസ്ഥ നടപ്പിലാക്കി. 'തങ്ക', 'ജിതൽ' എന്നിവയായിരുന്നു നാണയങ്ങൾ.

| ഭരണകർത്താക്കൾ | സംഭാവനകൾ |
|---|---|
| i. കുത്ബുദ്ദീൻ ഐബക് | 1206-ൽ ഡൽഹികേന്ദ്രമാക്കി ഭരണം ആരംഭിച്ചു. |
| ii. ഇൽത്തുമിഷ് | ........................................ |
| iii. അലാവുദ്ദീൻ ഖൽജി | ........................................ |
| iv. മുഹമ്മദ് ബിൻ തുഗ്ലക്ക് | ഭരണം കാര്യക്ഷമമാക്കാൻ തലസ്ഥാനം ഡൽഹിയിൽ നിന്നും ദേവഗിരിയിലേയ്ക്ക് മാറ്റി |
| v. ബാബർ | ........................................ |
| vi. ഔറംഗസേബ് | ........................................ |

ബി) തന്നിരിക്കുന്നവയിൽ ഡൽഹി അധികാര കേന്ദ്രമാകാൻ സഹായിച്ച മൂന്ന് ഭൂമിശാസ്ത്ര ഘടകങ്ങൾ ഉൾപ്പെടുന്നതേത്?

(i) ആരവല്ലി പർവ്വത നിരകൾ, നർമ്മദ - താപ്തി, സിന്ധു - ഗംഗാ സമതലം

(ii) നർമ്മദ - താപ്തി, സിന്ധു - ഗംഗാ സമതലം, യമുനാനദി

(iii) സിന്ധു - ഗംഗാ സമതലം, ആരവല്ലി പർവ്വത നിരകൾ, യമുനാനദി

(iv) യമുനാനദി, സിന്ധു - ഗംഗാ സമതലം, വിന്ധ്യാ-സത്പുര